**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4889** **11-08-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അറിയപ്പെടുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്. എച്ച്. എ). എസ് എച്ച് എ ക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെയും നടത്തിപ്പ് ചുമതല. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്നു ആയിരുന്നു നടത്തിപ്പ് ചുമതല. മേൽ സൂചിപ്പിച്ച സ്ഥാപനം നിയമാനുസൃതമായ ടെൻഡർ നടപടികളിലൂടെയാണ് തിരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി യുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചു വരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 187 സർക്കാർ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 556 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾ ദ്വിതീയ, തൃതീയ തലപരിചരണത്തിനും ചികിത്സക്കുമായി ആശുപത്രിയിൽ |

| | | | |
|---|---|---|---|
| | | | പ്രവേശിക്കേണ്ടിവന്നാൽ പദ്ധതി വഴി പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപെടാത്തവർക്കായി എ പി എൽ / ബി പി എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ ഉള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി 2 ലക്ഷം വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സ ആനുകൂല്യവും നൽകി വരുന്നു. |
| (ബി) | ഏതൊക്കെ രോഗങ്ങൾക്കാണ് ഇതുവഴി ചികിത്സാ ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ;ഈ പദ്ധതിയിലൂടെ പരമാവധി നൽകുന്ന ചികിത്സാ ധനസഹായം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 24 മണിക്കൂർ കിടത്തി ചികിത്സ ആവശ്യമായി വരുന്ന അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ . കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖേനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തിരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്. |
| (സി) | പ്രസ്തുത ധനസഹായം ഏതൊക്കെ ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകും; വിശദാംശം നൽകാമോ; | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതല വഹിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ സ്വകാര്യ ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി യുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാണ്. നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | (ഡി) | നിലവിലെ പദ്ധതി ഗൈഡ് ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; | | അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽ നിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽ നിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്. 1. 2018 - 2019 ലെ സാധുവായ ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ് കാർഡുകൾ 2. ആധാർ കാർഡ് 3. റേഷൻ കാർഡ് 4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്ന കാണിച്ച പ്രധാന മന്ത്രിയുടെ ഓഫിസിൽ നിന്ന് ലഭിച്ച തപാൽ സന്ദേശം. പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരു വിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണ മായും സൗജന്യമാണ്. |
| (ഇ) | പ്രസ്തുത ചികിത്സാ ധനസഹായത്തിന് എപ്രകാരമാണ് അപേക്ഷിക്കേണ്ടത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ഇ) | നിലവിലെ പദ്ധതി ഗൈഡ് ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽ നിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽ നിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്. 1. 2018 - 2019 ലെ സാധുവായ ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ് കാർഡുകൾ 2. ആധാർ കാർഡ് 3. റേഷൻ കാർഡ് 4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്ന കാണിച്ച പ്രധാന മന്ത്രിയുടെ ഓഫിസിൽ നിന്ന് ലഭിച്ച തപാൽ സന്ദേശം. പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരു വിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണ മായും സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ